II ഇ.ബി. XIV - കേരള നിയമസഭ/XVI-14

**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2019 നവംബർ 15, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

36 (*421) കുടുംബശ്രീ പ്രവർത്തനം വിപുലീകരിക്കാൻ നടപടി

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, കുടുംബശ്രീ സംവിധാനത്തെ ശാക്തീകരിക്കുന്നതിന്റെയും വരുമാനദായക പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിന്റെയും ഭാഗമായി കേളി, സമന്വയം, തീരശ്രീ, ഇ-നെസ്റ്റ്, മുറ്റത്തെ മുല്ല, റിലേഷൻഷിപ്പ് കേരള തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. മേളകൾ, കുടുംബശ്രീ ബസാറുകൾ, ഹോം ഷോപ്പുകൾ, ഓൺലൈൻ പോർട്ടൽ എന്നിവ മുഖേന കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനും പ്രസ്തുത വിപണന

പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 111 കോടി രൂപയിലധികം വിറ്റുവരവുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. സേവന മേഖലയിൽ തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനായി ആരംഭിച്ചിട്ടുള്ള എറൈസ് പദ്ധതിയിലൂടെ 11,985 യുവജനങ്ങൾക്ക് പരിശീലനം നൽകി 132 മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിക്കുകയും പ്രസ്തുത പദ്ധതി 120 പഞ്ചായത്തുകളിൽ നടപ്പാക്കുകയും ചെയ്തതിനു പുറമെ വിവിധ സേവന മേഖലകളിൽ വനിതകൾക്കായി പദ്ധതി നടപ്പാക്കുകയും 44000 ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയത്തെത്തുടർന്ന് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന റിസർജെന്റ് കേരള ലോൺ സ്കീം മുഖേന 28212 അയൽക്കൂട്ടങ്ങൾവഴി 1.95 ലക്ഷം പേർക്ക് 1680 കോടി രൂപ പലിശരഹിത വായ്പയായി നൽകിയിട്ടുണ്ട്. ഉപജീവന മാർഗ്ഗങ്ങൾ നഷ്ടപ്പെട്ട സംരംഭകർക്കും കർഷകരായ അംഗങ്ങൾക്കും 25 കോടി രൂപയുടെ നഷ്ടപരിഹാര പദ്ധതി നടപ്പാക്കുകയും കേരള പുനർനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി 250 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മുട്ട വിപണനത്തിനും കോഴിയിറച്ചി വിപണനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള 'ജെനോവ', 'കേരള ചിക്കൻ' പദ്ധതികളുടെ ഭാഗമായി 800 ബ്രോയിലർ ഫാമുകൾ ആരംഭിക്കുകയും ഇറച്ചിക്കോഴി കർഷകരെ ഉൾപ്പെടുത്തി കുടുംബശ്രീ

ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒറ്റപ്പെട്ട് കഴിയുന്നവർക്ക് സുരക്ഷയും അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസിലിംഗ്, നിയമസഹായം തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച സ്നേഹിത കോളിംഗ് ബെൽ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ടെന്നും 57555 വ്യക്തികൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി ഈ മാസം 15 മുതൽ 21 വരെ വാരാചരണം സംഘടിപ്പിക്കുന്നതാണെന്നും എല്ലാ സാമാജികരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. കാർഷിക രംഗത്ത് കുടുംബശ്രീ ഇടപെട്ടതിന്റെ ഫലമായി 55000 ഹെക്ടർ സ്ഥലത്ത് കൃഷി നടന്നുവരുന്നുണ്ടെന്നും രംഗശ്രീ ടീമിന് ആവശ്യമായ പരിശീലനം നൽകി മൺമറഞ്ഞുപോയ കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുന്നതാണെന്നും അമൃതം ന്യൂട്രിമിക്സിൽ 11 പോഷകങ്ങൾ കൂടി ഉൾപ്പെടുത്തി വിതരണം ചെയ്യുന്നതാണെന്നും താമസിയാതെതന്നെ മാട്രിമോണിയൽ രംഗത്തേയ്ക്ക് കുടുംബശ്രീ പ്രവർത്തനം വ്യാപിപ്പിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

37(*422&*430)<u>നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, കേരകൃഷിയുടെ വിസ്തൃതിയും നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി മിഷൻ മോഡ് മാതൃകയിൽ രൂപീകരിച്ചിട്ടുള്ള നാളികേര വികസന കൗൺസിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങുകൃഷി വ്യാപിപ്പിച്ചും ഉൽപ്പാദനക്ഷമതയില്ലാത്ത തെങ്ങുകൾ മുറിച്ചുമാറ്റിയും അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ 3 ലക്ഷം ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിച്ചും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. വിവിധ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻതൈ ഉൽപ്പാദക കേന്ദ്രങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തൈകളുടെ ലഭ്യത ആവശ്യാനുസരണം കർഷകർക്ക് ഉറപ്പ് വരുത്തുന്നതിന്

നടപടി സ്വീകരിച്ചിട്ടുണ്ട്. വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകി കേര കർമ്മസേനകൾ രൂപീകരിക്കുന്നതിനും കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുന്നതിനും സംയോജിത കീടരോഗനിയന്ത്രണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷം സമഗ്ര നാളികേര വികസനത്തിനായി 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും കേര ഗ്രാമങ്ങളായി തെരഞ്ഞെടുക്കപ്പെട്ട 300 പഞ്ചായത്തുകളുൾപ്പെടെ 500 പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും വാർഡ് ഒന്നിന് 75 തെങ്ങിൻതൈ എന്ന നിരക്കിൽ കർഷകർക്ക് 50% സബ്സിഡിയോടുകൂടി വിതരണം ചെയ്തുവരുന്നുണ്ടെന്നും കോൾ നിലങ്ങളിലെ ബണ്ടുകളിൽ 3-4 മാസം പ്രായമുള്ള 15326 തെങ്ങിൻ തൈകൾ സൗജന്യമായി വച്ചു പിടിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലും കുത്താളിയിലും അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്ന നടപടി പുരോഗമിക്കുകയും ഇതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. നീര ഉൽപ്പാദനം

പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ കേര ഉൽപ്പന്നങ്ങളുടെ വിപണനത്തിന് നാളികേര വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ 2016 മുതൽ "വൈഗ" എന്ന പേരിൽ അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു വരുന്നുണ്ടെന്നും  അന്താരാഷ്ട്ര നിലവാരമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുകയും അതുവഴി കർഷകർക്ക് ലാഭമുണ്ടാക്കുകയും ചെയ്യുന്ന തരത്തിലുള്ള പദ്ധതികൾ വ്യവസായ വകുപ്പുമായി ചേർന്നുകൊണ്ട് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി അറിയിച്ചു. ഈ സർക്കാർ  പച്ചത്തേങ്ങയുടെ സംഭരണ വില 27 രൂപയായി വർദ്ധിച്ചുവെന്നും വെർജിൻ കോക്കനട്ട് ഓയിൽ വ്യാപകമായി ഉൽപ്പാദിപ്പിച്ച്  ഉൽപ്പന്നങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് കമ്മ്യൂണിറ്റി ഇറിഗേഷൻ സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടെന്നും തെങ്ങുകയറ്റയന്ത്രം വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതി പൂർത്തീകരിച്ചുവരികയാണെന്നും  പാടശേഖര സമിതി മോഡലിൽ നാളികേര കർഷകരുടെ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നകാര്യം പരിശോധിക്കുന്നതാണെന്നും കാർഷിക കടാശ്വാസ കമ്മീഷനിൽ അപേക്ഷ കൊടുക്കാനുള്ള അവസാന തീയതി ഡിസംബർ 31 വരെ നീട്ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5025 മുതൽ 5378 വരെയുള്ള ചോദ്യങ്ങളിൽ 101 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)